# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത**
**നിയമസഭാ ചോദ്യം നം. 2357**

**08.05.2017-ന് മറുപടിയ്ക്ക്**

## സ്കൂൾ കുട്ടികൾക്ക് ആവശ്യമായിട്ടുള്ള പാഠപുസ്തകങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വി. ജോയി | പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| കേരളത്തിൽ സ്കൂൾ കുട്ടികൾക്ക് ആവശ്യമായിട്ടുള്ള പാഠപുസ്തകങ്ങൾ എത്രയെന്ന് വ്യക്തമാക്കാമോ; ആയത് യഥാസമയം ലഭ്യമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്? | 2017-18 അദ്ധ്യയന വർഷത്തിലേക്ക് 1 മുതൽ 10 വരെ ക്ലാസ്സുകളിലേക്കുള്ള പാഠപുസ്തകങ്ങൾ പേജുകളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ 1 മുതൽ 3 വരെ വാല്യങ്ങളായി അച്ചടിച്ചു നൽകുവാൻ തീരുമാനിക്കുകയും അപ്രകാരം ആവശ്യമായ പുസ്തകങ്ങളുടെ എണ്ണം ചുവടെ ചേർക്കുന്നു.<br>1. ഒന്നാം വാല്യം - 2,86,69,591 എണ്ണം<br>2. രണ്ടാം വാല്യം - 2,47,20,262 എണ്ണം<br>3. മൂന്നാം വാല്യം - 75,01,475 എണ്ണം<br>2017-18 അദ്ധ്യയന വർഷത്തിലേക്ക് 12-ാം ക്ലാസിൽ 6,26,940 പാഠപുസ്തകങ്ങളും 11-ാം ക്ലാസിൽ 6,29,301 പാഠപുസ്തകങ്ങളും ആവശ്യമായി വരുമെന്ന് കണക്കാക്കിയിട്ടുണ്ട്.<br>2017-18 അദ്ധ്യയന വർഷത്തേക്ക് ആവശ്യമായ പാഠപുസ്തകങ്ങൾ യഥാസമയം വിതരണം ചെയ്യുന്നതിനുവേണ്ടി ആവശ്യമായ മുന്നൊരുക്കങ്ങൾ ഇതിനകം നടത്തിയിട്ടുണ്ട്. സംസ്ഥാനത്തെ 2017-18 ലെ മുഴുവൻ പാഠപുസ്തകങ്ങളും മൂന്ന് വാല്യങ്ങളായി അച്ചടിച്ച് വിതരണം ചെയ്യുന്നതിന് കേരള ബുക്ക്സ് ആന്റ് പബ്ലിക്കേഷൻസ് സൊസൈറ്റിയെ (കെ.ബി.പി.എസ്) ചുമതലപ്പെടുത്തുകയും അപ്രകാരം 2017-18 അദ്ധ്യയന വർഷം ആരംഭിക്കുന്നതിനു മുമ്പ് തന്നെ പാഠപുസ്തകങ്ങൾ സ്കൂളുകളിൽ എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. 11, 12 ക്ലാസുകളിലെ പാഠപുസ്തകങ്ങൾ അച്ചടിച്ച് വിതരണം ചെയ്യുന്നതിന് സി-ആപ്റ്റിനെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. 12-ാം ക്ലാസ് പാഠപുസ്തക വിതരണം എല്ലാ ജില്ലകളിലും ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്. 11-ാം ക്ലാസ് പാഠപുസ്തകങ്ങളുടെ അച്ചടി പുരോഗമിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ